राष्ट्रीय उच्चतर शिक्षा अभियान
RASHTRIYA UCHCHATAR SHIKSHA ABHIYAN (RUSA)
KERALA STATE PROJECT DIRECTORATE
GOVERNMENT SANSKRIT COLLEGE CAMPUS, UNIVERSITY P.O
THIRUVANANTHAPURAM - 695 034, Ph: 0471-2303036, E-mail: keralarusa@gmail.com

**No. A1/53/2024/RUSA-SPD** തീയതി: 30-09-2024

OFFICE OF THE DIRECTOR OF TECHNICAL EDUCATION
0 3 OCT 2024
THIRUVANANTHAPURAM-23

പ്രേക്ഷിതൻ

സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ

സ്വീകർത്താവ്

ഡയറക്ടർ (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്)
പദ്മവിലാസം സ്ട്രീറ്റ്,
ഫോർട്ട് പി.ഒ.,
തിരുവനന്തപുരം - 695023.

EA

സർ,

വിഷയം :- റൂസ-എസ്.പി.ഡി - സിസ്റ്റം അനലിസ്റ്റ് തസ്തികയിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നത് - സംബന്ധിച്ച്.

സൂചന :- 29/09/2024-ലെ ഇതേ നമ്പർ വിജ്ഞാപനം.

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. റൂസ സംസ്ഥാന കാര്യാലയത്തിൽ ഒഴിവുള്ള സിസ്റ്റം അനലിസ്റ്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം സർവ്വീസിലുള്ള യോഗ്യരായ ജീവനക്കാരെ നിയമിക്കുന്നതിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) സംസ്ഥാനത്തെ വിവിധ കോളേജുകളിൽ ചംക്രമണം ചെയ്യുവാൻ താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
**RIGI A SUNNY**
**FINANCE OFFICER**
സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർക്കുവേണ്ടി

പകർപ്പ് - കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ പി.ഓ.,
തിരുവനന്തപുരം - 695033.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

राष्ट्रीय उच्चतर शिक्षा अभियान
RASHTRIYA UCHCHATAR SHIKSHA ABHIYAN (RUSA)
KERALA STATE PROJECT DIRECTORATE
GOVERNMENT SANSKRIT COLLEGE CAMPUS, UNIVERSITY P.O
THIRUVANANTHAPURAM - 695 034, Ph: 0471-2303036, E-mail: keralarusa@gmail.com

**Notification No.A1/53/2024/RUSA Dated:29-09-2024**

**റൂസയിൽ സിസ്റ്റം അനലിസ്റ്റ് (അന്യത്ര സേവനം) അപേക്ഷ ക്ഷണിച്ചു**

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ)-യുടെ തിരുവനന്തപുരം സംസ്ഥാന കാര്യാലയത്തിൽ സിസ്റ്റം അനലിസ്റ്റ് തസ്തികയിലെ ഒരു ഒഴിവിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. ശമ്പള സ്കെയിൽ 59300-120900 (PR 42500-87000). **സർക്കാർ കോളേജ് (എഞ്ചിനീയറിംഗ്/ആർട്സ് & സയൻസ്), സർക്കാർ പോളിടെക്നിക്ക് എന്നിവിടങ്ങളിൽ** സിസ്റ്റം അനലിസ്റ്റ്/ കംപ്യൂട്ടർ പ്രോഗ്രാമർ/ ഇൻസ്ട്രക്ടർ ഗ്രേഡ് - I എന്നീ തസ്തികകളിൽ ജോലി ചെയ്ത് വരുന്നവർക്കും ടി സ്ഥാപനങ്ങളിൽ മേൽപ്പറഞ്ഞ ശമ്പള സ്കെയിലിൽ ജോലി ചെയ്ത് വരുന്ന ഉദ്യോഗസ്ഥരിൽ **എഞ്ചിനീയറിംഗിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദവും PGDCA സർട്ടിഫിക്കറ്റും അല്ലെങ്കിൽ MCA/M.Sc. in Computer Science എന്നീ** വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. **IITMK Course Certificate/Digital University K e r a l a** യുടെ **Post Graduate Diploma in e-Governance (PGDeG)**സർട്ടിഫിക്കറ്റ്/**PFMS**-ലെ പരിചയം എന്നിവയിൽ ഏതെങ്കിലും ഒന്ന് അഭിലഷണീയമാണ്. അപേക്ഷകർ മേലധികാരിയുടെ നിരാക്ഷേപ പത്രം സഹിതം നിശ്ചിത മാതൃകയിൽ അപേക്ഷ നൽകണം. ഒന്നിൽ കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന പക്ഷം അഭിമുഖത്തിലൂടെ ആയിരിക്കും നിയമനം നൽകുന്നത്. താൽപര്യമുള്ളവർ റൂസ സ്റ്റേറ്റ് പ്രൊജക്ട് കോ-ഓർഡിനേറ്റർ, **റൂസ സംസ്ഥാന കാര്യാലയം, ഗവ. സംസ്കൃത കോളേജ് ക്യാമ്പസ്, പാളയം, യൂണിവേഴ്സിറ്റി പി.ഓ., തിരുവനന്തപുരം - 695034** എന്ന വിലാസത്തിൽ

തപാൽ മുഖേനയോ **keralarusa@gmail.com** എന്ന ഇ-മെയിൽ വിലാസത്തിലോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ റൂസ സംസ്ഥാന കാര്യാലയത്തിൽ ലഭിക്കേണ്ട **അവസാന തീയതി 20-10-2024 5:00PM** ആണ്. നിയമനം സംബന്ധിച്ച് റൂസ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ/ പ്രൊജക്ട് കോ-ഓർഡിനേറ്റർ-ടെ തീരുമാനം അന്തിമമായിരിക്കും.

Signed by
Sudhir K
Date: 29-09-2024 20:38:07

**Sudhir K IAS**

**STATE PROJECT CO-ORDINATOR**

Ministry of Education, Government of India &
Department of Higher Education, Government of Kerala